# റിപ്പോർട്ട്

# വേൾഡ് ഫുഡ് ഇന്ത്യ 2023

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ 2023 നവംബർ 3 മുതൽ 5 വരെ സംഘടിപ്പിച്ച വേൾഡ് ഫുഡ് ഇന്ത്യ 2023 ന്റെ ഭാഗമായി ഒരുക്കിയ കേരള പവലിയന്റെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജിവ് നിർവ്വഹിച്ചു.




കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം(MoFPI) സംഘടിപ്പിച്ച 'വേൾഡ് ഫുഡ് ഇന്ത്യ' യുടെ രണ്ടാം പതിപ്പിൽ പാർട്ണർ സ്റ്റേറ്റായാണ് കേരളം സാന്നിധ്യം അറിയിച്ചത്. മെയ്ഡ് ഇൻ കേരള എന്ന ആശയത്തെ മുൻനിർത്തി 320 സക്വയർ മീറ്ററിൽ 40ോളം സ്റ്റാളുകളാണ് പവിലിയനിൽ ക്രമീകരിച്ചിരുന്നത്.സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന വിഭവങ്ങളാൽ അലങ്കരിച്ചൊരുക്കിയിരിക്കുന്ന പവലിയനു മുന്നിലെ തോണി ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരുന്നത്. അതേ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നുള്ള വിവിധ ഉല്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്.





23 സംസ്ഥാനങ്ങളിൽ നിന്നും നിരവധി രാജ്യങ്ങളിൽ നിന്നുമായി 1,200 ഓളം പ്രദർശകരാണ്  പരിപാടിയുടെ ഭാഗമായത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രോൽസാഹനവും വിപണി സാധ്യതകളും നൽകുന്നതാണ്  വേൾഡ്  ഫുഡ് ഇന്ത്യയിലെ ഭക്ഷ്യോൽപന്ന വിപണനമേള.






വേൾഡ്  ഫുഡ് ഇന്ത്യയോടനുബന്ധമായി  "കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ അവസരങ്ങൾ' എന്ന വിഷയത്തിൽ 2023 നവംബർ 3 ന് സംഘടിപ്പിച്ച സെമിനാർ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം നിർവഹിച്ചു. ഭക്ഷ്യ സംസ്കരണ രംഗത്ത്  മികച്ച അവസരമുള്ള സംസ്ഥാനമാണ് കേരളം,  വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഇന്ന് കേരളത്തിലുണ്ടെന്ന് ബഹു. മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്  കേരളത്തിലെ വ്യവസായ സൗഹാർദ്ദ സാഹചര്യങ്ങളെക്കുറിച്ചുള്ള അവതരണം നടത്തി.





ഗവൺമെന്റ് ഓഫ് ഇന്ത്യ മുൻ സെക്രട്ടറിയും സംസ്ഥാന സർക്കാറിന്റെ ഉപദേശകനുമായ ഡോ. അജയ് കുമാർ ഐ.എ. എസ്.(Rtd.), കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, പ്രമുഖ വ്യവസായി ശ്രീ. എം. എ. യൂസഫലി, സിനൈ്തറ്റ് ഇൻഡസ്ട്രീസ് സ്പൈസ് ഡിവിഷൻ സി.ഇ. ഒ ശ്രീ. പ്രവീൺ വെങ്കിട്ടരാമൻ, നികാസു ഗ്രൂപ്പ് എം.ഡി ശ്രീ. കെ.കെ പിള്ള എന്നിവർ സെമിനാറിൽ ആശയങ്ങൾ അവതരിപ്പിച്ചു.